**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വികാസ് ഭവൻ, തിരുവനന്തപുരം-695033**
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

**നം: ADFW/1254/2020-IT1** **തീയതി: 17-09-2022**

## സർക്കുലർ

വിഷയം : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നടത്തുന്ന **വീഡിയോ കോൺഫറൻസുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സാന്നിധ്യം ഉറപ്പാക്കുന്നത്** – സംബന്ധിച്ച്

സൂചന : കൃഷി ഡയറക്ടറുടെ ഇതേ നമ്പറിലുള്ള 30-10-2020, 10-09-2021 തീയതികളിലെ സർക്കുലറുകൾ.

*****************************

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പദ്ധതി അവലോകനത്തിനും മറ്റുമായി ദിവസേന നടത്തുന്ന നിരവധി വീഡിയോ കോൺഫറൻസുകളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സൂചന പ്രകാരം രണ്ട് സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഹരിച്ച് വീഡിയോ കോൺഫറൻസുകളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് കൃഷിഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. രമേഷ് പി കെ (ഫോൺ: 04712304480 മൊബൈൽ: 9383470026) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ വീഡിയോ കോൺഫറൻസ് സംവിധാനത്തിന്റെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു.

വീഡിയോ കോൺഫറൻസുകൾ ബുക്ക് ചെയ്യുന്നതിനായി കൃഷി ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിലെ (www.keralaagriculture.gov.in) “VC Schedule” എന്ന ലിങ്കിൽ കയറി നേരത്തേ നിശ്ചയിട്ടുള്ള വീഡിയോ കോൺഫറൻസുകളുടെ സമയക്രമം പരിശോധിച്ച് സമയ ലഭ്യത ഉറപ്പാക്കിയ ശേഷം മാത്രം വീഡിയോ കോൺഫറൻസുകൾക്ക് സമയം നിശ്ചയിക്കേണ്ടതാണ്, ആയതിന ശേഷം വീഡിയോ കോൺഫറൻസുകൾ ബുക്ക് ചെയ്യുന്നതിനുള്ള കുറിപ്പ്, dafwvc@gmail.com എന്ന ഇ-മെയിലിൽ അയച്ചു കൊടുക്കേണ്ടതാണ്. ബുക്ക് ചെയ്ത വീഡിയോ കോൺഫറൻസുകൾക്ക് ലിങ്ക് തയ്യാറാക്കിയിട്ടുണ്ടോ എന്നും സമയക്രമം വെബ്സൈറ്റിൽ ചേർത്തിട്ടുണ്ടോ എന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ലിങ്കിൽ കയറി പരിശോധിച്ച് ഉറപ്പാക്കേണ്ടത് ബുക്ക് ചെയ്ത ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സെക്ഷനുകളുമായി ബന്ധപ്പെട്ട് വീഡിയോ കോൺഫറൻസുകൾ സമയക്രമം നിശ്ചയിക്കുന്നതിന് അതത് ഉന്നത ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ Contact Person ആയി താഴെ പറയും വിധം ചുമതലപ്പെടുത്തുന്നു.

വീഡിയോ കോൺഫറൻസുകളിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥർ / ഓഫീസുകൾക്ക് സമയക്രമം, ലോഗിൻ വിവരങ്ങൾ എന്നിവ യഥാസമയം ലഭ്യമാക്കുന്നത് Contact Person(കോൺഫിഡൻഷ്യൽ

അസിസ്റ്റന്റ്) ന്റെ ചുമതല ആയിരിക്കും. ഐ ടി ഡിവിഷനിൽ NIC മുഖേന നിയമിച്ചിരുന്ന Hardware Tchnician നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്, ഓഫീസിലെ മുഴുവൻ കമ്പ്യൂട്ടറുകളുടെ കേടുപ്പാടുകൾ തീർക്കുന്നതിന് ഒരാൾ മാത്രമാണ് നിലവിലുള്ളത്. കൂടാതെ വീഡിയോ കോൺഫറൻസുകൾ നടക്കുന്ന സമയങ്ങളിൽ ഇൻറർനെറ്റ് ലഭ്യത / Presentation/ Screen Sharing തുടങ്ങിയ കാര്യങ്ങളിൽ ഐ ടി ഡിവിഷനിൽ നിന്നുള്ള ജീവനക്കാരൻ തിരക്കിൽ ആയിരിക്കുന്നതിനാൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥർ/ഓഫീസുകൾ ലോഗിൻ സംബന്ധിച്ച് കാര്യങ്ങൾക്ക് താഴെ ലിസ്റ്റ് ചെയ്തിരിക്കുന്ന ബന്ധപ്പെട്ട Contact Person ( കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്) -നേ മാത്രം ഫോണിൽ ബന്ധപ്പെടേണ്ടതാണ്.

| നം | ഓഫീസർ | Contact Person / (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്) ന്റെ പേര് | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | കൃഷി അഡീഷണൽ ഡയറക്ടർ പ്ലാനിംഗ് | **ശ്രീമതി. ബീന ആർ** | **9605970663** |
| 2 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ പ്ലാനിംഗ് | **ശ്രീ. അരുൺലാൽ ഡി എസ്** | **8893814677** |
| 3 | കൃഷി അഡീഷണൽ ഡയറക്ടർ മാർക്കറ്റിംഗ് | **ശ്രീമതി. മേരി ജോൺ ജെ എം** | **9895788163** |
| 4 | കൃഷി അഡീഷണൽ ഡയറക്ടർ (സി. പി ) | **ശ്രീമതി. ആര്യ വിശ്വനാഥൻ** | **9496464338** |
| 5 | കൃഷി അഡീഷണൽ ഡയറക്ടർ ഫാംസ് & ബയോഗ്യാസ് | **ശ്രീമതി. രാധാമണി** | **8281460036** |
| 6 | കൃഷി അഡീഷണൽ ഡയറക്ടർ എക്സ്റ്റൻഷൻ | **ശ്രീമതി. ഷീബ എ.** | **9633982618** |
| 7 | വിജിലൻസ് ഓഫീസർ | **ശ്രീമതി. അജിത** | **9656184168** |
| 8 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | **ശ്രീമതി. അജിത** | **9496748344** |
| 9 | സീനിയർ ഫിനാൻസ് ഓഫീസർ | **ശ്രീമതി. സെൽവി** | **8192894040** |
| 10 | ലാ ഓഫീസർ | **ശ്രീ. ഷിബു എസ്** | **8547327343** |

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സെക്ഷനുകളുമായി ബന്ധപ്പെട്ട് വീഡിയോ കോൺഫറൻസുകൾ മോഡറേറ്റ് ചെയ്യുന്നതിന് അതത് കൃഷി അഡീഷണൽ ഡയറക്ടർമാരുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സാന്നിധ്യം വീഡിയോ കോൺഫറൻസ് ഹാളിൽ ഉറപ്പാക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് വീഡിയോ കോൺഫറൻസ് സംവിധാനം കൈകാര്യം ചെയ്യുന്നതിനു കൂടുതൽ പരിശീലനം ആവശ്യമെങ്കിൽ ഐ ടി ഡിവിഷനുമായി ബന്ധപ്പെടേണ്ടതാണ്.

രാജേശ്വരി എസ് ആർ
കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ)
കൃഷി ഡയറക്ടർക്ക് വേണ്ടി

Additional Director of Agriculture (Extensi-
Directorate of Agriculture
Thiruvananthapuram-33

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ...

: എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർക്കും
: കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകൾക്കും
: എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാർക്കും
: SAO/SFO/Vigilance Officer/ Law Officer
: എല്ലാ Contact Person / കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും